<u>സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>
<u>(ഹാജർ : ഷീബ ജോർജ്ജ് IAS)</u>

തിരുവനന്തപുരം
ഉത്തരവ് നം:ഇ 5-82/2021-SJD തീയതി: 19/01/2021

---

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം -അച്ചടക്ക നടപടി - ശ്രീ മാർവിൻ ജോസഫ് ,, എൽ ഡി ക്ലാർക്ക്,ജില്ലാ സാമൂഹ്യനീതി ഓഫീസ് തൃശ്ശൂർ -സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. തൃശ്ശൂർ ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ 07.12.2020 ലെ DSJO/TSR/E-4391/2017 നം കത്ത്.

2. തൃശ്ശൂർ ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ 18.01.2021 ലെ DSJO/TSR/E-64/2021 നം കത്ത്.

തൃശ്ശൂർ ജില്ലാ സാമൂഹ്യനീതി ഓഫീസിൽ എൽ ഡി ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ മാർവിൻ ജോസഫ് 30.11.2020 മുതൽ അറിയിപ്പൊന്നും നൽകാതെ ജോലിയ്ക്ക് ഹാജരാകുന്നില്ലായെന്നും മയക്ക് മരുന്ന് കടത്തിയതുമായി ബന്ധപ്പെട്ട് ടിയാനെ അറസ്റ്റ് ചെയ്തിട്ടുള്ളതായി പത്രവാർത്ത വന്നിട്ടുള്ളതായി പരാമർശം (1) പ്രകാരം തൃശ്ശൂർ ജില്ലാ സാമൂഹ്യനീതി ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു.മയക്ക് മരുന്ന് കേസുമായി ബന്ധപ്പെട്ട് ടിയാനെതിരെ രജിസ്റ്റർ ചെയ്തിട്ടുള്ള കേസിന്റെ എക്സൈസ് സർക്കിൾ ഓഫീസ് ഇൻസ്പെക്ടറുടെ റിപ്പോർട്ട് പരാമർശം (2) പ്രകാരം ലഭ്യമായിട്ടുണ്ട്.

NDPS Act 1985 U/s 22(c),25 & 29 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള NDPS Cr.No.12/2020 നം കേസിൽ അക്യൂസ്ഡ് നം.2 ആയി ശ്രീ മാർവിൻ ജോസഫിനെ 28.11.2020 ന് അറസ്റ്റ് ചെയ്തിട്ടുള്ളതായി എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പിൽ എൽ ഡി ക്ലാർക്ക് തസ്തികയിൽ തൃശ്ശൂർ ജില്ലാ സാമൂഹ്യനീതി ഓഫീസിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ മാർവിൻ ജോസഫിനെ 1960 ലെ കേരള സിവിൽ സർവീസസ് (തരംതിരിയ്ക്കലും നിയന്ത്രണവും അപ്പീലും ) ചട്ടങ്ങൾ 10 (1) (b) പ്രകാരം 28.11.2020 തിയതി പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.
ടി ജീവനക്കാരന് KSR ഭാഗം I ചട്ടം 55 പ്രകാരം ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിയ്ക്കുന്നതാണ്.

(ഒപ്പ്)
സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ

ശ്രീ.മാർവിൻ ജോസഫ് ,എൽ ഡി കാർക്ക്
ജില്ലാ സാമൂഹ്യനീതി ഓഫീസ് ,തൃശ്ശൂർ(കാര്യാലയ മേധാവി മുഖേന).

<u>പകർപ്പ് :</u>

1. ജില്ലാ സാമൂഹ്യനീതി ഓഫീസർ ,തൃശ്ശൂർ
2. ഇ 2 സീറ്റ്
3. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം